# Malayala Manorama

## 11 August 2018

## Kothamangalam: Idamalayar, Water Flow Decreases



# ഇടമലയാർ: നീരൊഴുക്കു കുറഞ്ഞു; പുറന്തള്ളുന്ന വെള്ളം കുറച്ചു

**മനോരമ ലേഖകൻ**

കോതമംഗലം ● ഇടമലയാർ അണക്കെട്ടിലെ ജലസംഭരണിയിലേക്കുള്ള നീരൊഴുക്ക് നിയന്ത്രണവിധേയമായതിനെ തുടർന്ന് അണക്കെട്ടിൽ നിന്നു പുറന്തള്ളുന്ന വെള്ളത്തിന്റെ അളവു കുറച്ചു. ഇതിന്റെ ഭാഗമായി ഡാമിന്റെ ഷട്ടറുകൾ ഭാഗികമായി അടച്ചു. ഒന്നു മുതൽ മൂന്നു മീറ്റർ വരെ ഉയർത്തിവച്ചിരുന്ന നാലു ഷട്ടറുകളും ഇപ്പോൾ ഒരു മീറ്ററാക്കി കുറച്ചിട്ടുണ്ട്. പെരിയാർവാലി ജലസേചന പദ്ധതിയുടെ ഭൂതത്താൻകെട്ട് അണക്കെട്ടിലേക്ക് ഒഴുകിയെത്തുന്ന വെള്ളത്തിന്റെ അളവിലും കുറവു വന്നിട്ടുണ്ട്.

എന്നാൽ ചെറുതോണി അണക്കെട്ടിൽ നിന്നുള്ള വെള്ളം ഭൂതത്താൻകെട്ടിൽ എത്തിയതോടെ പെരിയാറിലെ ജലനിരപ്പ് ഉയർന്നിട്ടുണ്ട്.

ഭൂതത്താൻകെട്ടിൽ ഇന്നലെ രാവിലെ 29.70 മീറ്ററായിരുന്നു ജലനിരപ്പ്. അതു വൈകിട്ട് ഏഴിനു 30.55 ആയി ഉയർന്നു. മുപ്പത്തിയഞ്ചു മീറ്ററാണു ഭൂതത്താൻകെട്ട് അണക്കെട്ടിന്റെ സംഭരണശേഷി. അണക്കെട്ടിലെ 15 ഷട്ടറുകളും തുറന്നു വച്ചിരിക്കുകയാണ്.

ഇപ്പോഴത്തെ സാഹചര്യത്തിൽ ഇടുക്കിയിൽ നിന്ന് എത്ര മാത്രം വെള്ളം വന്നാലും ആശങ്കപ്പെടേണ്ടതില്ലെന്നു പെരിയാർവാലി അധികൃതർ അറിയിച്ചു.